14-ാം കേരള നിയമ സഭ

7-ാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3552 — 22.08.2017-ൽ മറുപടിയ്ക്ക്

## എം.ബി.ബി.എസ് അഡ്മിഷനുവേണ്ടി പ്രോസ്പെക്ടസ്

| ചോദ്യം | മറുപടി |
|---|---|
| **പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ:** | **ശ്രീമതി. കെ. കെ. ശൈലജ ടീച്ചർ (ആരോഗ്യവും, സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)** |
| (എ) എം.ബി.ബി.എസ്/ബി.ഡി.എസ് അഡ്മിഷനു വേണ്ടി ഈ വർഷം & പ്രോസ്പെക്ടസ് തയ്യാറാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ ; | (എ) (ബി) എം.ബി.ബി.എസ് / ബി.ഡി.എസ് എൻജിനീയറിംഗ്, മെഡിക്കൽ അനുബന്ധ കോഴ്സുകൾ ഉൾപ്പെടെയുള്ള പ്രൊഫഷണൽ ഡിഗ്രി കോഴ്സുകളിലെ പ്രവേശനത്തിനായി പ്രോസ്പെക്ടസ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. |
| (ബി) പ്രോസ്പെക്ടസ് തയ്യാറാക്കിയിട്ടില്ലെങ്കിൽ ഇതു സംബന്ധിച്ച് എത്ര വിജ്ഞാപനങ്ങൾ സി.ഇ.ഇ. (എൻട്രൻസ് കമ്മീഷണർ) പുറപ്പെടുവിച്ചിട്ടുണ്ട്; ആയത് ലഭ്യമാക്കുമോ ; | |
| (സി) വിജ്ഞാപനങ്ങൾ സർക്കാരിന് നൽകി ഉത്തരവുകളാക്കി പുറപ്പെടുവിക്കുവാൻ നടപടി സ്വീകരിക്കുമോ; മൈനോറിറ്റി, NRI (എൻ.ആർ.ഐ) സീറ്റുകളിലേക്ക് കമ്മീഷണർ എത്ര വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്; ഇങ്ങനെ പുറപ്പെടുവിച്ച വിജ്ഞാപനങ്ങൾക്ക് സർക്കാരിൽ നിന്നും അനുമതി ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (സി) അപേക്ഷകൾ ക്ഷണിക്കൽ, വിദ്യാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ, റാങ്ക് ലിസ്റ്റുകളുടെയും കാറ്റഗറി ലിസ്റ്റുകളുടെയും പ്രസിദ്ധീകരണം, അലോട്ട്മെന്റുകൾക്കായി ഓൺലൈൻ ഓപ്ഷനുകൾ ക്ഷണിക്കുന്നത്, അലോട്ട്മെന്റുകളുടെ പ്രസിദ്ധീകരണം മുതലായവയ്ക്കാണ് വിജ്ഞാപനങ്ങൾ പുറപ്പെടുവിച്ചുവരുന്നത്. ഇവ വിദ്യാർത്ഥി പ്രവേശനവുമായി ബന്ധപ്പെട്ട സ്വാഭാവിക നടപടികൾ ആയതിനാലും, വിവിധ സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിലുള്ളവയായതിനാലും അവ പിന്നീട് ഉത്തരവുകളാക്കേണ്ട ആവശ്യം വരുന്നില്ല. മെഡിക്കൽ/ദന്തൽ പ്രവേശനത്തിനുള്ള മൈനോറിറ്റി/ എൻ.ആർ.ഐ ക്വാട്ടയുമായി |

5 ബന്ധപ്പെട്ട് ഇതിനോടകം വിജ്ഞാപനങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവുകളുടെയും വിവിധ കോടതി ഉത്തരവുകളുടെയും അടിസ്ഥാനത്തിലാണ് വിജ്ഞാപനങ്ങൾ പുറപ്പെടുവിച്ചുവരുന്നത്.

**സെക്ഷൻ ഓഫീസർ**